തോട്ടങ്ങൾ രജിസ്റ്റർ ചെയ്യിക്കാൻ നടപടി

139 (2051) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരുന്ന എത്ര തോട്ടങ്ങൾ സംസ്ഥാനത്തുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) കൃത്രിമരേഖകളുപയോഗിച്ച് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിനായി തോട്ടങ്ങൾ രജിസ്റ്റർ ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽപ്പെട്ട തോട്ടങ്ങൾ അടിയന്തിരമായി രജിസ്റ്റർ ചെയ്യിക്കുന്നതിന് എന്ത് സംവിധാനം ഏർപ്പെടുത്തും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇതുവരെ പ്ലാന്റേഷൻ നിയമപ്രകാരം 765 തോട്ടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

1.	തിരുവനന്തപുരം	15
2.	കൊല്ലം	34
3.	ആലപ്പുഴ	ഇല്ല
4.	പത്തനംതിട്ട	36
5.	കോട്ടയം	23
6.	ഇടുക്കി	229
7.	എറണാകുളം	20
8.	തൃശ്ശൂർ	30
9.	പാലക്കാട്	61
10.	മലപ്പുറം	82
11.	കോഴിക്കോട്	30
12.	വയനാട്	190
13.	കണ്ണൂർ	10
14.	കാസർഗോഡ്	5
	ആകെ	765

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ ഇതുവരെ വരാത്ത തോട്ടങ്ങളിൽ പരിശോധന നടത്തി അവയുടെ വിസ്തൃതിയും തൊഴിലാളികളുടെ എണ്ണവും അടിസ്ഥാനമാക്കി അവ രജിസ്റ്റർ ചെയ്യിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. രജിസ്ട്രേഷൻ എടുക്കാൻ കൂട്ടാക്കാത്ത തൊഴിലുടമകളുടെ പേരിൽ പ്ലാന്റേഷൻ ലേബർ നിയമ പ്രകാരം 26 പ്രോസിക്യൂഷൻ നടപടികൾ എടുത്തിട്ടുണ്ട്.

തൊഴിലാളികൾക്ക് ഇ. എസ്. ഐ. ആനുകൂല്യം യഥാസമയം ലഭ്യമാക്കാൻ നടപടി

140 (2052) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികൾക്ക് ഇ. എസ്. ഐ. ആനുകൂല്യപ്രകാരം മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ലഭിക്കുവാനുള്ള എത്ര അപേക്ഷകൾ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റിൽ തീർപ്പാക്കാതെ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) തൊഴിലാളികൾക്ക് ഇത്തരം ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 452 അപേക്ഷകൾ

(ബി & സി) അധികാര വികേന്ദ്രീകരണം വഴി കൂടുതൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമുകൾ തീർപ്പാക്കുന്നതിന് ഡിസ്പെൻസറി മെഡിക്കൽ ഓഫീസർമാർക്കും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കുമുള്ള അധികാര പരിധി ഉയർത്തിക്കൊണ്ട് 16-12-98 ലെ ജി. ഒ. (എം. എസ്.) 3123/98/ഫിൻ എന്ന നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. അതിനുശേഷം ഡയറക്ടറേറ്റിലേയ്ക്ക് അനുവാദത്തിനായി അയയ്ക്കേണ്ട അപേക്ഷകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്.

തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന കുടിവെള്ളം

141 (2053) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പിരിധിയിൽ വരുന്ന ചില തോട്ടങ്ങളിൽ തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന കുടിവെള്ളത്തിൽ രാസവസ്തുക്കൾ കലർന്നിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ശുദ്ധജലം വിതരണം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly